(സി) കമ്പനി സ്ഥിതിചെയ്യുന്ന സ്ഥലം സർക്കാരിന്റേതാണ്. ഈ സ്ഥലം 1946 മുതൽ എഗ്രിമെന്റ് അനുസരിച്ചുള്ള വ്യവസ്ഥകൾക്ക് വിധേയമായി കമ്പനിക്ക് പാട്ടത്തിന് നൽകിയിരിക്കുകയും കാലാകാലത്ത് പുതുക്കുകയും ചെയ്തുവരികയാണ്.

(ഡി) കമ്പനിയിൽ നാളിതുവരെ മാനേജ്മെന്റ് മാറ്റം നടന്നിട്ടില്ല.

(ഇ) കമ്പനിയിൽ നാളിതുവരെ മാനേജ്മെന്റ് മാറ്റം ഉണ്ടായിട്ടില്ല. സംസ്ഥാന സർക്കാർ പ്രമോട്ടറുടെ വിഹിതമായി 129 ലക്ഷം രൂപയും പലിശരഹിത വായ്പയായി 275 ലക്ഷം രൂപയും കെ. എസ്. ഐ. ഡി. സി. മുഖാന്തിരം വായ്പയായി 1175 ലക്ഷം രൂപയും കെ. എം. എം. എൽ. മുഖാന്തിരം വായ്പയായി 80 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും സർക്കാർ ഗ്യാരണ്ടി നൽകി വാങ്ങിയിട്ടുള്ള വായ്പകളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

ബാങ്കുകൾ	..	2469	ലക്ഷം രൂപ
ധനകാര്യ സ്ഥാപനങ്ങൾ	..	566	,,
കേരള ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡ്	..	90	,,

കമ്പനിക്ക് ഇപ്പോഴുള്ള കടബാദ്ധ്യതയെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

ബാങ്കുകൾ	..	3025	ലക്ഷം രൂപ
ധനകാര്യ സ്ഥാപനങ്ങൾ	..	3536	,,
കെ. എസ്. ഐ. ഡി. സി.	..	1974	,,
ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡ്	..	539	,,
കേരള സർക്കാർ	..	275	,,
കെ. എം. എം. എൽ.	..	178	,,
ആകെ	..	9527	,,

കമ്പനിഏറ്റെടുക്കുവാനായി ഒരു പുതിയ പ്രമോട്ടർ മുന്നോട്ട് വന്നിട്ടുണ്ട്. പ്രസ്തുത പ്രമോട്ടർ കമ്പനി ഏറ്റെടുക്കുകയാണെങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പ്രക്രിയയിലൂടെ (One Time Settlement) കമ്പനിയുടെ കടബാദ്ധ്യതകൾ തീർപ്പാക്കുന്നതാണ് എന്നാണ് തീരുമാനിച്ചിട്ടുള്ളത്.

അടുത്തില വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച തുക

29 [2156] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ അടുത്തില വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 26-3-1997-ലെ എച്ച്. എൽ. സി. 3/10194/96-ാം നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് പാക്കേജ് പദ്ധതി അനുസരിച്ച് 4,43,000 രൂപ അനുവദിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര തുക സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്;

(സി) ബാക്കി തുക അനുവദിച്ചുനൽകാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രോജക്ട് പാക്കേജ് പദ്ധതി പ്രകാരം മൊത്തം 8.79 ലക്ഷം രൂപ സംഘത്തിന് ഹാൻടെക്സ് വഴി സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) ഇതിൽ 8.64 ലക്ഷം രൂപ ഹാൻടെക്സ് സംഘത്തിന് നൽകിയിട്ടുണ്ട്.

(സി) ബാക്കി തുകയായ 0.15 ലക്ഷം രൂപ സംഘത്തിന് ഹാൻടെക്സ് ഉടൻ നൽകുന്നതാണ്.

അനധികൃത ഖനനം

30 [2157] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി:

,, സി. മമ്മൂട്ടി:

,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ൽ സംസ്ഥാനത്ത് അനധികൃത ഖനനം സംബന്ധിച്ച് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്;

(ബി) ഇതിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചു;

(സി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ ഇപ്പോൾ കോടതിയിലുണ്ട്;

(ഡി) എത്ര കേസ്സുകളിൽ കുറ്റക്കാരെ ശിക്ഷിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003-2004 വർഷത്തിൽ വകുപ്പ് അനധികൃത ഖനനം സംബന്ധിച്ച് 618 കേസുകൾ എടുത്തിട്ടുണ്ട്.

(ബി) അനധികൃത ഖനനം കണ്ടുപിടിച്ച് കേസെടുത്തതിൽ ഖനനം നടത്തിയിരുന്നവരിൽ നിന്നോ, വസ്തു ഉടമകളിൽനിന്നോ, ആയി മൊത്തം 610 കേസുകൾ രാജിയാക്കി പിഴ ഈടാക്കിയിട്ടുണ്ട്. 610 കേസുകളിൽ നിന്നുമായി ആകെ 38,50,733 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

(സി) അനധികൃത ഖനനം സംബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ കോടതിയിൽ 7 കേസുകൾ നിലവിലുണ്ട്.

(ഡി) ഒരു കേസിൽ കുറ്റക്കാരനെ കോടതി ശിക്ഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly